# Malayala Manorama
# 29 August 2018
# After Flood, Rahul Gandhi Visited Flood Victims



**നാടിനൊപ്പം, കണ്ണീരൊപ്പാൻ:** പ്രളയദുരിതാശ്വാസ കേന്ദ്രങ്ങളിലുള്ളവരെ കാണുന്നതിന് കേരളത്തിലെത്തിയ കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധിയോട് എറണാകുളം അത്താണി അസീസി സ്കൂൾ ക്യാംപിലുള്ള നെടുമ്പാശേരി തുരുത്തിശേരി മാളിയേക്കൽ മേരി ദുരിതങ്ങൾ വിവരിക്കുന്നു. മടങ്ങാനൊരുങ്ങിയ രാഹുലിനെ മോനേ എന്നുവിളിച്ച് സദസിന്റെ ഏറ്റവും പിന്നിലിരുന്ന മേരി അടുത്തേക്കെത്തുകയായിരുന്നു.

ചിത്രം. ജോസ്കുട്ടി പനയ്ക്കൽ • മനോരമ

# ദുരിതം തൊട്ടറിഞ്ഞ് രാഹുൽ

## എയർ ആംബുലൻസിനു വഴിയൊരുക്കാൻ യാത്ര വൈകിച്ച് കോൺഗ്രസ് അധ്യക്ഷൻ

**മനോരമ ലേഖകർ**

വെള്ളമിറങ്ങിയിട്ടും ദുരിതമൊഴിയാത്ത ജനങ്ങൾക്കിടയിലേക്ക് കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി എത്തി. ക്യാംപുകളിൽ കഴിയുന്ന വീട്ടമ്മമാർ അദ്ദേഹത്തോട് സങ്കടങ്ങൾ പറഞ്ഞു. രാഹുൽ അവരെ ആശ്വസിപ്പിച്ചു.

ചെങ്ങന്നൂരിലെ സന്ദർശനം കഴിഞ്ഞു മടങ്ങാനൊരുങ്ങുമ്പോൾ, പ്രളയ ദുരിതത്തിന്റെ അവശേഷിപ്പായി ചില നിമിഷങ്ങൾക്കു രാഹുൽ സാക്ഷിയായി. ഹെലിപാഡിൽ, തൊട്ടപ്പുറത്തുനിന്നു പറക്കാനൊരുങ്ങുന്ന എയർ ആംബുലൻസിൽ രക്ഷതേടുന്ന ഒരു ജീവൻ. ആ യാത്ര സഫലമാകട്ടെ, പിന്നെ മതി തന്റെ യാത്ര എന്ന് രാഹുൽ തീരുമാനിച്ചു. തന്റെ ഹെലികോപ്റ്ററിന്റെ പിൻഭാഗത്തു പിടിച്ച് ആ യാത്ര നോക്കിനിന്നു.പാണ്ഡവൻപാറ കമ്യൂണിറ്റി ഹാളിലെ ക്യാംപിൽ കഴിഞ്ഞിരുന്ന മൂലയുഴത്തിൽ മറിയയെയാണ് (67) നെഞ്ചുവേദനയെ തുടർന്ന് എയർ ആംബുലൻസിൽ കൊണ്ടുപോയത്.

ക്യാംപിലുള്ള ആളുകൾക്കിടയിലേക്കു സുരക്ഷയുടെ നിയന്ത്രണങ്ങൾ കടന്ന് കോൺഗ്രസ് അധ്യക്ഷൻ കടന്നുചെന്നു. വീട്ടമ്മമാരും കുട്ടികളുമടക്കമുള്ള ആൾക്കൂട്ടം സങ്കടങ്ങൾകൊണ്ടു പൊതിഞ്ഞു.

മലയാളത്തിലുള്ള ആവലാതികൾ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പരിഭാഷപ്പെടുത്തി.

മകളുടെ വിവാഹത്തിനായി കരുതി വച്ചതെല്ലാം നഷ്ടപ്പെട്ട ഇരമല്ലിക്കര വഞ്ഞിപ്പുഴ സ്വദേശിനി മണിയുടെ കഥ ഒപ്പമുണ്ടായിരുന്ന നേതാക്കൾ സൂചിപ്പിച്ചു. അവർക്ക് ഒരു ലക്ഷം രൂപ നൽകാമെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉടൻ അറിയിച്ചു.

ചെങ്ങന്നൂർ ഐഎച്ച്ആർഡി എൻജിനീയറിങ് കോളജിലെ ക്യാംപിൽ അമ്മമാർ കണ്ണീരൊഴുക്കി ദുരിതങ്ങൾ വിവരിച്ചു.

ഇടനാട് ഹൈസ്കൂളിനു സമീപം വീടുകൾ വൃത്തിയാക്കുന്നവരോടൊപ്പം ഏതാനും നിമിഷങ്ങൾ രാഹുൽ ചെലവിട്ടു.

പത്തനംതിട്ട എഴിക്കാട് കോളനിയിൽ രാഹുൽ 15 മിനിറ്റോളം ചെലവിട്ടു.

കൊച്ചിയിൽ ആലുവ, നെടുമ്പാശേരി, ചേരാനെല്ലൂർ സ്വദേശികൾ രാഹുലിനെക്കണ്ട് ദുരിതങ്ങൾ വിശദീകരിച്ചു. വീടു മുങ്ങിയപ്പോൾ ഓടി രക്ഷപ്പെട്ട കഥ എട്ടാം ക്ലാസുകാരൻ അശ്വിൻ വിവരിച്ചു.

ചാലക്കുടി അംബേദ്കർ സാംസ്കാരിക നിലയത്തിൽ സുരക്ഷയെക്കരുതി സ്ഥാപിച്ചിരുന്ന തടസങ്ങൾ മാറ്റി രാഹുൽ തന്നെ ആളുകൾക്കടുത്തേക്ക് ചെന്നു. കിടക്കയിൽ നിന്നെഴുന്നേൽക്കാനാകാത്ത നിലയിൽ കഴിഞ്ഞ സ്ത്രീയെ അങ്ങോട്ടു ചെന്നു കണ്ടു വിവരങ്ങൾ അന്വേഷിച്ചു.

പേജ് 03